# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**14.06.2013-ൽ മറുപടിക്ക്**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം.1497**

## തഴക്കര ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ജില്ലാ കൃഷിത്തോട്ടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ രാജേഷ് | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) മാവേലിക്കര മണ്ഡലത്തിൽ തഴക്കര ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ജില്ലാ കൃഷി ത്തോട്ടത്തിന്റെ വിസ്തീർണ്ണം എത്രയാണ്; ഇവിടെ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ ഏതെല്ലാം; | എ) ജില്ലാ കൃഷിത്തോട്ടത്തിന്റെ മൊത്തം വിസ്തീർണ്ണം 37.66 ഹെക്ടർ ആണ്. ജില്ലാ കൃഷിത്തോട്ടത്തിന്റെ ഓഫീസിനു പുറമെ കേരള സംസ്ഥാന ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ (ഹോർട്ടി കോർപ്പ്) തേനീച്ച വളർത്തൽ കൺസോഷ്യവും പരിശീലന കേന്ദ്രവും (Bee Keeping Consortium and Training Centre) പ്രവർത്തിക്കുന്നുണ്ട്. |
| ബി) കൃഷിത്തോട്ടത്തിന്റെ സ്ഥലത്ത് ശുചിത്വമിഷന്റെ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് റദ്ദ് ചെയ്യുമോ; | ബി) 14/7/2011 - ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (സാധാ) നം. 1677/2011/തസ്വഭവ പ്രകാരം മാവേലിക്കര കൃഷിത്തോട്ടത്തിന്റെ സ്ഥലത്ത് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (Septage Treatment Plant) സ്ഥാപിക്കുന്നതിന് സർക്കാർ ഉത്തരവാകുകയുണ്ടായി. എന്നാൽ ജില്ലാ പഞ്ചായത്തിന്റെയും തദ്ദേശവാസികളുടേയും എതിർപ്പ് മൂലം ജില്ലയിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ഈ സ്ഥലത്തിന് പകരം മറ്റൊരു സ്ഥലം കണ്ടെത്തുകയും ചെയ്തിട്ടുണ്ട് |
| സി) പ്രസ്തുത സ്ഥലത്ത് കൃഷി വിജ്ഞാന കേന്ദ്രം ആരംഭിക്കുമോ; ഇവിടെ കാർഷിക കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | സി) മാവേലിക്കര ഫാമിൽ കൃഷി വിജ്ഞാനകേന്ദ്രമോ കാർഷിക കോളേജോ സ്ഥാപിക്കുന്നതിന് കൃഷി വകുപ്പിൽ നിന്നും നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. ഇത്തരത്തിലൊരു നിർദ്ദേശം ഇപ്പോൾ പരിഗണനയിൽ ഇല്ല. |

(signature)
**സെക്ഷൻ ഓഫീസർ**